STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.229/PR/SPMC/PHQ/2025 Date: 12.08.2025

## പൊലീസ് സേനയുടെ അടിസ്ഥാന വികസനരംഗത്ത് അഭിമാനിക്കാവുന്ന മാറ്റങ്ങളുണ്ടായി: മുഖ്യമന്ത്രി

സംസ്ഥാന പൊലീസ് സേനയുടെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് കഴിഞ്ഞ ഒൻപത് വർഷകാലത്ത് അഭിമാനാർഹമായ മാറ്റങ്ങൾ ഉണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

പരാധീനതകളേറെയുണ്ടായിരുന്ന പഴയ കാലത്തിൽ നിന്നും സ്ത്രീകൾക്കും പാവപ്പെട്ടവർക്കും മറ്റ് പരാതിക്കാർക്കും ആശ്വാസം പകരാൻ കഴിയുന്ന ഹെൽപ്പ് ഡെസ്ക് പോലെയുള്ള സംവിധാനങ്ങൾ കൊണ്ടുവന്നത് പൊലീസ് സ്റ്റേഷനുകളുടെ മുഖഛായ മാറ്റിയെന്നും മുഖ്യമന്ത്രി പറഞ്ഞു. വിവിധ ജില്ലകളിലായി ആകെ 23 കോടി 27 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കണ്ണൂർ, കാസർകോട്, പാലക്കാട്, ഇടുക്കി, എറണാകുളം, കോട്ടയം, തിരുവനന്തപുരം ജില്ലകളിലായി 13 മന്ദിരങ്ങളുടെയും അനുബന്ധ പദ്ധതികളുടേയും ഉദ്ഘാടനവും ഏഴ് പദ്ധതികളുടെ ശിലാസ്ഥാപനവുമാണ് മുഖ്യമന്ത്രി നിർവ്വഹിച്ചത്.

കണ്ണൂർ സിറ്റിയിൽ പോലീസ് പരേഡ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ കോർട്ട്, മൾട്ടിപർപ്പസ് ഇൻഡോർ കോർട്ട്, ജില്ലാ ആസ്ഥാനത്തെ ഇൻഡോർ സ്പോർട്സ് സെന്റർ, സഭാഹാൾ, ഇടുക്കി ജില്ലയിലെ കൺട്രോൾ റൂം, വാഗമൺ, തങ്കമണി പോലീസ് സ്റ്റേഷനുകൾ, പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം, ചിറ്റൂർ എന്നിവിടങ്ങളിലെ അപ്പർ സബോർഡിനേറ്റ്, ഫാമിലി ക്വാർട്ടേഴ്സുകൾ, കാസറഗോഡ് ജില്ലയിലെ

മേൽപറമ്പ പോലീസ് സ്റ്റേഷൻ, ബേക്കൽ സബ്ഡിവിഷൻ ഓഫീസ്, എറണാകുളത്തെ ക്രൈംബ്രാഞ്ച് കോംപ്ലെക്സ്, ഫോർട്ട് കൊച്ചിയിലെ കോസ്റ്റൽ പോലീസ് ബോട്ട് ജെട്ടി എന്നിവയാണ് ഇന്ന് ഉദ്ഘാടനം ചെയ്യപ്പെട്ടത്.

ഉയർന്ന സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർ സേനയിലേക്ക് വരുന്നത് പുതിയ കാല തട്ടിപ്പുകളെ ഫലപ്രദമായി പ്രതിരോധിക്കാൻ പ്രാപ്തമാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. സോഷ്യൽ പൊലീസിംഗ് വിഭാഗം കൂടുതൽ ശക്തമാക്കും.

സംസ്ഥാനം പൊതുവെ ശാന്തമാണെങ്കിലും അത് തകർക്കാൻ ശ്രമിക്കുന്ന വിഭാഗീയ ചിന്തകൾക്കെതിരെ പൊലീസ് നിതാന്ത ജാഗ്രത പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു.

തുറമുഖ/മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, എം എൽ എമാരായ എം വി ഗോവിന്ദൻ മാസ്റ്റർ, കെ വി സുമേഷ് മറ്റ് ജനപ്രതിനിധികൾ ഉന്നത പൊലീസ് ഉദ്യോഗസ്ഥർ, എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

***************************